പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 798 28.9.2011– ൽ മറുപടിക്ക്

**അന്തർ സംസ്ഥാന സർവ്വീസുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) കെ.എസ്.ആർ.ടി.സി ഇപ്പോൾ എത്ര അന്തർ സംസ്ഥാന സർവീസുകൾ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിലേയ്ക്കായി കെ. എസ്. ആർ. ടി. സി. ക്ക് 433 പെർമിറ്റുകൾ നിലവിലുണ്ട്. |
| ബി) ഇതിൽ എല്ലാ സർവ്വീസുകളും ലാഭത്തിൽ ആണോ നടന്നു വരുന്നത്; നഷ്ടത്തിൽ ഏതെങ്കിലും സർവ്വീസുകൾ നടത്തുന്നുണ്ടോ; | (ബി) ഓഗസ്റ്റ് മാസത്തെ വരവ്-ചെലവ് കണക്കനുസരിച്ച് കിലോമീറ്ററിന് 35.79 രൂപ വരുമാനം ലഭിച്ചാൽ മാത്രമേ ലാഭ-നഷ്ടമില്ലാതെ സർവ്വീസ് നടത്താനാവൂ. ഇങ്ങനെ കണക്കാക്കുമ്പോൾ എല്ലാ സർവ്വീസുകളും നഷ്ടത്തിലാണെന്നു കാണാം. എന്നാൽ പലിശയും, ഡിപ്രീസിയേഷനും ഒഴിവാക്കി കണക്കാക്കുമ്പോൾ കി.മീറ്ററിന് 32.60 രൂപ വരുമാനം ലഭിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ കണക്കാക്കുമ്പോൾ 325 സർവ്വീസുകൾ നഷ്ടത്തിലാണ്. പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും മാത്രം ഒഴിവാക്കിയാൽ കി.മീറ്ററിന് 28.06 രൂപ വരുമാനം ലഭിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയാൽ 276 സർവ്വീസുകൾ നഷ്ടത്തിലാണ്. |
| സി) പുതിയ റൂട്ടുകളിൽ അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) വിവിധ കേന്ദ്രങ്ങളിൽ നിന്നുമുള്ള ആവശ്യങ്ങളെത്തുടർന്ന് തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്ന കാര്യം പരിഗണനയിലാണ്. ഇക്കാര്യം തമിഴ്നാട് ട്രാൻസ്പോർട്ട് അധികൃതരുമായി ചർച്ച ചെയ്യാൻ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഈ വർഷം സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ ഇറക്കുവാൻ ഉദ്ദേശിക്കുന്നു? | (ഡി) 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ